# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **1547** 14-12-2012-ൽ മറുപടിക്ക്

അനധികൃത നിർമ്മാണം

ചോദ്യം

**ശ്രീ. മാത്യു റ്റി.തോമസ്**
**ശ്രീ. ജോസ് തെറ്റയിൽ**
**ശ്രീമതി ജമീലാ പ്രകാശം**
**ശ്രീ.സി.കെ.നാണു**

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് അനധികൃത നിർമ്മാണം മുഴുവൻ സാധൂകരിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) നഗര വികസനവും റോഡ് വികസനവും തടസ്സപ്പെടുത്തിക്കൊണ്ട് നടത്തിയിട്ടുള്ള അനധികൃത നിർമ്മാണ കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിയമവിരുദ്ധ നിർമ്മാണം ചൂണ്ടിക്കാണിക്കപ്പെട്ടാൽ അവ നീക്കം ചെയ്യാൻ സമയബന്ധിതമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

**ശ്രീ.മഞ്ഞളാംകുഴി അലി**
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി)

(എ) & (ബി) സുരക്ഷ, സെക്യൂരിറ്റി തുടങ്ങിയ കാര്യങ്ങൾക്ക് യാതൊരുവിധ ഇളവും അനുവദിക്കാതെയും റോഡു വികസനത്തിന് തടസ്സം വരാതെയും കനത്ത പിഴ ഈടാക്കിക്കൊണ്ടും വ്യവസ്ഥകൾക്ക് വിധേയമായും അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) & (ഡി) അനധികൃതനിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ